# ശരിയായ ഗ്രന്ഥം

a പ്രവാചകൻ മുഹമ്മദ് മരിച്ച് 20 വർഷങ്ങൾക്കുള്ളിൽ ഖുർആന്റെ ക്രോഡീകരണം പൂർത്തിയാക്കി ഒരു കൃതിയിലാക്കിയിരുന്നു. യതൊരു മാറ്റവും കൂടാതെ ഇന്നും അതേ രൂപത്തിൽ നില നിൽക്കുന്നു എന്നതാണതിന്റെ സവിശേഷത. ബൈബിളിനെ പോലെ കൈകടത്തലുകളോ ഇടപെടലുകളോ പരിഭാഷക രുടെ വളച്ചൊടിക്കലുകളോ കൂടാതെ അതിന്നും നിലനിൽക്കുന്നു.

**എഫ്.എഫ്. ആർബത്നോട്ട്**

*ബൈബിളും ഖുർആനും* ലണ്ടൻ 1885, പേ: 5

a ഖുർആൻ ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന ഗ്രന്ഥമാണ്. കൂടുതൽ പേർ ഓർമിക്കുകയും ജനങ്ങളുടെ നിത്യജീവിതത്തിൽ കൂടുതൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്ന ഗ്രന്ഥവും ഇതു തന്നെ. പദ്യമോ ഗദ്യമോ അല്ല അതിന്റെ വാചകങ്ങൾ. എന്നാലും, അതിന്റെ പാരായണം കേൾക്കുന്നവരെപ്പോലും അത് അഗാധമായി സ്വാധീനിക്കുന്നു.

**ജെയിംസ് എ മൈക്കനർ**

Islam: The Misunderstood Religion, റീഡേഴ്സ് ഡൈജസ്റ്റ്, മെയ് 1955

a വേദങ്ങളുടെയും പുരാണങ്ങളുടെയും കാലം കഴിഞ്ഞുപോയി. ഇപ്പോൾ ലോകത്തെ നയിക്കാൻ പോന്ന ഏകഗ്രന്ഥം ഖുർആൻ മാത്രമാണ്.

***ഗുരുനാനാക്***

a ഭൂലോകത്ത് ഖുർആന്റെ ആധിപത്യമില്ലെങ്കിൽ ശാന്തിയും സമാധാനവും നിലനിൽക്കുകയില്ല

**മോഡീപ് കാസ്റ്റിൻകാർ**

a നൂറ്റാണ്ടുകളായി യാതൊരു മാറ്റവുമില്ലാതെ ഇത്രയും പരിശുദ്ധതയോടെ നിലനിൽക്കുന്ന മറ്റൊരു ഗ്രന്ഥം ലോകത്തെവിടെയും കാണുകയില്ല

**വില്യം മൂർ**

a ഖുർആൻ യാതൊരു സംശയത്തിനും ഇടനൽകാത്ത മഹത്തായ ഒരു ഗ്രന്ഥമാണ്. മഹത്തായ സത്യബോധനവും ഉദാരമായ വിശ്വാസവും ഖുർആന്റെ മാഹാത്മ്യം എനിക്ക് വെളിപ്പെടുത്തിത്തരുന്നു. അതെ, ഒരു ഗ്രന്ഥത്തിന്റെ ആദ്യന്തം കണ്ടെത്താവുന്ന മഹത്വം! വിവിധ മേന്മകൾ അതിൽനിന്ന് ലഭ്യമായിട്ടുണ്ട്. എന്നല്ല, അന്ത്യമായി പറയാനുള്ള ഒരു ഗ്രന്ഥവുമാണത്.

**കാർലൈൽ**

a ഖുർആൻ പ്രവാചകൻ മുഹമ്മദിന്റെ വചനങ്ങളാണെന്ന് വിശ്വസിക്കുന്നവർ അതുപോലുള്ള പത്ത് വാചകങ്ങളെങ്കിലും നിർമിച്ച് അതിനെ വെല്ലുവിളിക്കണം. അതിൽ പരാജയപ്പെട്ടാൽ (തീർച്ചയായും പരാജയപ്പെടും) ഖുർആനെ ഒരു മാർഗദർശകഗ്രന്ഥമായി സ്വീകരിക്കുകയും വേണം

**എച്ച്.എ.ആർ ഗിബ്ബ്**

*മൊഹമ്മദനിസം* ലണ്ടൻ 1953, പേ: 33

ഖുർആൻ മറ്റു മതഗ്രന്ഥങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. യാതൊരു വിധ കെട്ടുകഥകളോ കൃത്രിമമോ അതിലില്ല തന്നെ. നിരക്ഷരനായ മുഹമ്മദാണ് ഇത്ര ഉന്നതായ ഒരു സാഹിത്യ സൃഷ്ടി നടത്തിയതെന്ന് വിശ്വസിക്കാനാവില്ല

ബൊസ്ന്റ കുമർബോസ്

*മൊഹമ്മദനിസം* കൽക്കത്ത 1931, പേ: 4

a യഥാർഥത്തിൽ ഞാനൊരു മുസ്‌ലിമല്ല. എങ്കിലും 'ദൈവത്തിന് സമർപ്പിച്ചവനാണ്' മുസ്‌ലിം എങ്കിൽ അതിൽ ഞാനുമുൾപ്പെടുമെന്നാണെന്റെ പ്രതീക്ഷ. എന്നെപ്പോലുള്ള പാശ്ചാത്യർക്ക് ഇനിയും നേടാനോ ഗ്രഹിക്കാനോ കഴിയാത്ത അറിവിന്റെ അക്ഷയഖനി ഖുർആനിലുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

**ഡബ്ല്യൂ. മോണ്ട് ഗോമറിവാട്ട്**

(*ഇസ്‌ലാം & ക്രിസ്റ്റ്യാനിറ്റി ടുഡെ,* ലണ്ടൻ 1983, പേ: 9).

a നീതിക്ക് നൽകുന്ന പ്രാധാന്യമാണ് ഇസ്‌ലാമിന്റെ പ്രധാന സവിശേഷതകളിലൊന്ന്. ഖുർആൻ വായിച്ചപ്പോൾ എനിക്ക് കാണാൻ കഴിഞ്ഞത് അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സങ്കൽപങ്ങളല്ല, മുഴുവൻ ലോകത്തിനും പ്രായോഗികമായ നിയമങ്ങളാണ് എന്നാണ്.

**സരോജിനി നായിഡു**

( *ദ ഐഡിയൽസ് ഓഫ് ഇസ്‌ലാം,* മദ്രാസ് 1918, പേ: 167).

a ഇസ്‌ലാം വാളുകൊണ്ട് പ്രചരിപ്പിച്ചതാണെന്ന ധാരണ പാശ്ചാത്യരിൽ വ്യാപകമാണ്. ആധുനികചിന്തകരൊന്നും തന്നെ ഇത് വിശ്വസിക്കുന്നില്ല. ഖുർആൻ മനുഷ്യവംശത്തിന് മനസ്സാക്ഷിയനുസരിച്ച് പ്രവർത്തിക്കാൻ സ്വാതന്ത്ര്യം നൽകുന്നു.

**ജെയിംസ് എ. മൈക്കനർ**

(Islam: The Misunderstood Religion, *റീഡേഴ്സ് ഡൈജസ്റ്റ്* മെയ് 1955).

a മുഹമ്മദാണ് ഖുർആന്റെ കർത്താവ് എന്ന് ഒരിക്കലും സമർഥിക്കാനാവില്ല. നിരക്ഷരനായ ഒരാൾക്കെങ്ങനെയാണ് അറബിഭാഷാസാഹിത്യത്തിന്റെ ഉത്തുംഗതയിൽ നിൽക്കുന്ന ഒരു ഗ്രന്ഥത്തിന്റെ സ്രഷ്ടാവാകാൻ കഴിയുക? അക്കാലത്ത് ചിന്തിക്കാൻ പോലും സാധ്യമാവാത്ത ശാസ്ത്രീയസത്യങ്ങൾ -അതിൽ ഒരു ചെറിയ തെറ്റുപോലും ഇതേവരെ കണ്ടെത്താനായിട്ടില്ല- പ്രവചിക്കാൻ ഒരാൾക്ക് കഴിയുമോ?

**മോറിസ് ബുക്കായ്**

*ബൈബിൾ-ഖുർആൻ-സയൻസ്.*

a ഖുർആൻ പഠിക്കാൻ തുനിഞ്ഞാൽ ഒരുപക്ഷേ, ആദ്യം വെറുപ്പാണുണ്ടാവുക. ക്രമേണ അത് ആകർഷിക്കാൻ തുടങ്ങും. പിന്നെ അമ്പരപ്പിക്കും, തുടർന്ന് നമ്മെ കീഴടക്കും. അതിന്റെ ശൈലി, ഉള്ളടക്കം എന്നിവ വിട്ടുവീഴ്ചയില്ലാത്തതും ഉദാത്തവുമാണ്. ഖുർആനു ശേഷംവന്ന തലമുറകളെ മുഴുവൻ അത് വളരെയേറെ സ്വാധീനിച്ചു.

**ഗോഥെ**

(*ഡിക്ഷ്നറി ഓഫ് ഇസ്‌ലാം*).